ഖുത്വ്ബ
**04.02.2005**
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി(സ) തൗഹീദിന്റെ ധ്വജവാഹകൻ

അല്ലാഹു തആല തന്റെ കളങ്കരഹിതമായ ഏകത്വം ലോകത്തു സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഹസ്റത്ത് മുഹമ്മദു മുസ്തഫാ (സ)യെ നിയോഗിച്ചത്. കുട്ടിക്കാലം മുതൽ തന്നെ അവിടത്തെ ഹൃദയത്തെ നിർമലവും വിശുദ്ധവും പവിത്രവുമാക്കി വയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. തന്നോടുള്ള സ്നേഹത്തിന്റെയും ബഹുദൈവങ്ങളോടുള്ള വെറുപ്പിന്റെയും വിത്ത് ചെറുപ്പത്തിൽ നബി(സ)യുടെ ഹൃദയത്തിൽ അല്ലാഹു വിതച്ചു. എന്നുമാത്രമല്ല, ജനിക്കുന്നതിനുമുമ്പേതന്നെ നബിയുടെ മാതാവിന് ലോകം മുഴുവൻ പരക്കേണ്ട ആ പ്രകാശത്തെക്കുറിച്ച് അറിവ് നല്കിയിരുന്നു. ഹസ്റത്ത് ആമിന കണ്ട ഈ ദിവ്യസ്വപ്നം ലോകത്ത് എങ്ങനെയാണ് പ്രകടമായതെന്ന് ജനങ്ങൾ കണ്ടു. അല്ലാഹുവിന്റെ സമ്പൂർണ്ണ ഗ്രന്ഥം നബിയുടെ മേൽ ഇറങ്ങി. ആ പ്രകാശം ലോകത്തെല്ലായിടത്തും വ്യാപിച്ചു. അവിടത്തെ രാത്രിയിലെ ഉറക്കവും പകലിലെ ശാന്തിയും സമാധാനവും തട്ടിപ്പറിച്ചെടുത്തത് ഏകനായ അല്ലാഹുവിന്റെ സ്നേഹത്തിന്റെ അഭിനിവേശമായിരുന്നു.

ലോകത്തെ എങ്ങനെ ഒരു ദൈവത്തെ ആരാധിക്കുന്നവരാക്കിത്തീർക്കാം എന്ന ഒരേയൊരു ആവേശമേ നബി(സ) യ്ക്കുണ്ടായിരുന്നുള്ളു; തങ്ങളെ സൃഷ്ടിച്ചിരിക്കുന്ന ദൈവത്തെ തിരിച്ചറിയുക. ഈ സന്ദേശമെത്തിക്കുന്നതിനുവേണ്ടി നബി(സ)യ്ക്ക് ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. വിഷമതകൾ പേറേണ്ടിവന്നു. പക്ഷേ, ഈ വിഷമതകൾക്കും ബുദ്ധിമുട്ടുകൾക്കും നബിയെ ഏകനായ ദൈവത്തെ ആരാധിക്കുന്നതിൽനിന്നോ അവന്റെ സന്ദേശം എത്തിക്കുന്നതിൽ നിന്നോ തടയാൻ കഴിഞ്ഞില്ല. ഏകനായ തന്നെ ആരാധിക്കുന്നവരെ സൃഷ്ടിച്ചെടുക്കാനായി നബി(സ)യെ അല്ലാഹു ഏല്പിച്ച ഈ പ്രവൃത്തി, അവനിൽനിന്ന് കല്പനകളിറങ്ങിയതിനുശേഷം അത് നിറവേല്ക്കേണ്ട ബാധ്യതയും നബിയ്ക്കുണ്ടായിരുന്നു, പക്ഷെ, ഞാൻ പറഞ്ഞതുപോലെ അവിടത്തെ മനസ്സ് കുട്ടിക്കാലം മുതൽതന്നെ ബഹുദൈവാരാധനയിൽനിന്ന് പരിശുദ്ധവും, ഏകനായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നതുമായിക്കഴിഞ്ഞിരുന്നു. അല്ലാഹു സ്വയം തന്നെ തനിക്കുവേണ്ടി ആ മനസ്സിനെ കളങ്കരഹിതമാക്കിയിരുന്നു. തന്റെ കുടുംബത്തിലെ മുതിർന്ന ആളുകളോടൊപ്പം ചെറുപ്പത്തിൽ, ബഹുദൈവാരാധകരുടെ ആഘോഷങ്ങളിൽ പോകാൻ നിർബന്ധിതനായാൽ, അല്ലാഹുതന്നെ അതിൽനിന്ന് തടയാനുള്ള സാഹചര്യം ഒരുക്കിയിരുന്നു. ഇതു സംബന്ധമായി ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഹസ്റത്ത് ഉമ്മുഐവൻ(റ) നിവേദനം ചെയ്യുന്നു. ഖുറയ്ശികൾ നിത്യവും സന്ദർശിക്കാറുള്ള ബിംബാലയമായിരുന്നു 'ബവാന'. അതിൽ ബലികൾ നടത്തിയിരുന്നു. അതിനെ അവർ ഒരുപാട് ആദരിച്ചിരുന്നു. അവിടെ അവർ മുടിവടിക്കുമായിരുന്നു. വർഷത്തിലൊരിക്കൽ രാവിലെ മുതൽ വൈകുന്നേരം വരെ അവിടെ അവർ ഇഅ്തിക്കാഫിരിക്കാറുണ്ടായിരുന്നു. ഹസ്റത്ത് അബൂത്വാലിബും തന്റെ ആൾക്കാരോടൊപ്പം അവിടെ പോകുമായിരുന്നു. കൂടെച്ചെല്ലാൻ നബിയോടും പറയുമായിരുന്നു. എന്നാൽ നബി ആ കുട്ടിപ്രായത്തിൽ തന്നെ അതു നിഷേധിക്കുമായിരുന്നു. ഹസ്റത്ത് ഉമ്മുഐവൻ പറയുന്നു. അബൂത്വാലിബും നബിയുടെ പിതൃസഹോദരിമാരും ഇക്കാരണത്താൽ ഒരിക്കൽ നബിയോടു വെറുപ്പോടെ സംസാരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവർ ചോദിച്ചു. നീ ഞങ്ങൾ ആരാധിക്കുന്നവയെ ഉപേക്ഷിക്കുന്നു. ഇക്കാരണത്താൽ നിന്നെക്കുറിച്ച് ഞങ്ങൾക്ക് ഭയമുണ്ട്. മുഹമ്മദേ! നീ എന്താണ് ആഗ്രഹിക്കുന്നത്. നീ എന്തുകൊണ്ടാണ് നിന്റെ ആളുകളോടൊപ്പം ബിംബാലയത്തിൽ പോകാത്തത്? ഇങ്ങനെ നിരന്തരമുള്ള അവരുടെ സമ്മർദ്ദത്താൽ ഒരിക്കൽ നബി അവരോടൊപ്പം പോയി. എന്നാൽ അല്ലാഹു ഇച്ഛിച്ചതുപോലെ തന്നെ അവിടന്ന് വളരെ പരിഭ്രമത്തോടും ഭയത്തോടും കൂടി തിരിച്ചുപോന്നു. എന്താണ് സംഭവിച്ചതെന്ന് ബന്ധുക്കൾ ചോദിച്ചു. അവിടന്ന് പറഞ്ഞു. ശയ്ത്വാൻ എന്നെ സ്പർശിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ അവർ പറഞ്ഞു: ഇല്ല. പ്രതാപവാനായ അല്ലാഹു നിന്നെ ഒരിക്കലും സാത്താനിക വിചാരങ്ങളിൽ അകപ്പെടുത്തുകയില്ല; കാരണം നിന്നിൽ സൽശീലങ്ങളാണുള്ളത്. നീ ഭയക്കാൻ എന്താണ് കണ്ടത്? അവിടന്ന് പറഞ്ഞു. ഞാനേതെങ്കിലും ബിംബത്തിന്റെ അടുത്തേക്ക് പോകാനൊരുങ്ങുമ്പോൾ ശുഭ്രവസ്ത്രധാരിയായ നീളമുള്ള ഒരാൾ പ്രത്യക്ഷപ്പെട്ട് മുഹമ്മദേ, പിന്നിലേക്കു പോകുക എന്നു പറയുന്നു. അതിനെ തൊടരുത്. ഉമ്മുഐവൻ പറയുന്നു, പിന്നീട് നുബുവ്വത്തു സ്ഥാനം ലഭിക്കുവോളം അവരും അവിടെ പോകാൻ മുഹമ്മദിനോടു പറഞ്ഞില്ല. (ബയ്ഹഖി)

ആ പരിശുദ്ധവും കളങ്കരഹിതവുമായ മനസ്സിനെ സംരക്ഷിച്ചുനിറുത്താനുള്ള ഏർപ്പാടുകൾ ഇങ്ങനെയാണ് അല്ലാഹു ചെയ്തത്. പിന്നീട് നബി (സ)യുടെ യുവത്വകാലം പരിശോധിക്കുക. എങ്ങനെയാണ് ഏകാന്തസ്ഥലത്തുപോയി അല്ലാഹുവിനെ

ആരാധിച്ചിരുന്നത്. ഹിറാ ഗുഹയിൽ അനേകദിനങ്ങൾ കഴിച്ചുകൂട്ടി. തനിച്ച് തന്റെ രക്ഷിതാവിനോട് രഹസ്യ സംഭാഷണം നടത്തിയിരുന്നു. അവനെ ആരാധിച്ചിരുന്നു. അതുകണ്ട് മക്കയിലെ ജനങ്ങൾ, മുഹമ്മദ് തന്റെ രക്ഷിതാവിൽ അനുരക്തനായിപ്പോയിരിക്കുന്നുവെന്ന് പറയുമായിരുന്നു.

ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ) ഒരു സത്തയിൽ അത്യാസക്തനും അതിനുവേണ്ടിയുള്ള പ്രവൃത്തിയിൽ ഉന്മാദനുമായി. പിന്നീട് ലോകത്ത് ആർക്കും ഒരിക്കലും കിട്ടാത്തത് അവിടന്ന് പ്രാപിച്ചു. നബി (സ)ന് അല്ലാഹുവിനോടുണ്ടായിരുന്ന സ്നേഹം എത്രയധികമായിരുന്നുവെന്നാൽ, സാധാരണക്കാർ പോലും പറയുമായിരുന്നു. 'അശിഖ മുഹമ്മദുൻ അലാ റബ്ബിഹീ' മുഹമ്മദ് (സ) തന്റെ രക്ഷിതാവിൽ അനുരക്തനായിപ്പോയിരിക്കുന്നു.

ബിംബങ്ങളോടുള്ള വെറുപ്പിന്റെ മറ്റൊരുദാഹരണം കാണുക. നബി(സ) ഹസ്റത്ത് അബൂത്വാലിബിനോടൊപ്പം ശാമിലേക്ക് യാത്ര പോകുമ്പോൾ ബഹീറായെ കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു. സാഹിബ് സാദേ, ലാത്ത, ഉസ്സ എന്നിവരെ മധ്യവർത്തിയാക്കിക്കൊണ്ട് ഞാൻ നിന്നോട് ചോദിക്കുകയാണ്. നീ എനിക്കതിനു മറുപടി തരിക. ഖുറയ്ശികളോട് കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കുന്ന രീതി ഇതായതുകൊണ്ടാണ് ബഹീറ ഈ രീതിയിൽ ചോദിച്ചത്. ലാത്തും ഉസ്സയും അവരുടെ വലിയ രണ്ടു ബിംബങ്ങളായിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു. ഈ ബിംബങ്ങളെ മധ്യവർത്തിയാക്കിക്കൊണ്ട് എന്നോട് ചോദ്യം ചോദിക്കരുത്. കാരണം എനിക്ക് ഇവ രണ്ടിനോടും കഠിനമായ വെറുപ്പാണുള്ളത്. ഇതിനുശേഷം ബഹീറഹ: മുഹമ്മദ് (സ)നോട് സംസാരിച്ചത് കൂടുതലും അല്ലാഹുവിനെ മധ്യവർത്തിയാക്കിക്കൊണ്ടായിരുന്നു. (ബയ്ഹഖി)

ബിംബങ്ങളോടുള്ള വെറുപ്പും അല്ലാഹുവിന്റെ മാത്രം ദാസനായിരിക്കുക എന്ന അവസ്ഥയും പ്രകടമാകുന്ന മറ്റൊരു നിവേദനം ഇങ്ങനെ കാണാം. ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. നബി(സ)ന് വഹ്യ് ഉണ്ടാകുന്നതിനുമുമ്പേ, സയ്ദ് ബിൻ അംറുമായി അവിടന്ന് കണ്ടുമുട്ടി. നബി(സ)ന്റെ മുമ്പിൽ ഭക്ഷണം കൊണ്ടുവന്നുവെച്ചു. അവിടന്ന് ഭക്ഷണം നിരസിച്ചു. ബിംബങ്ങളുടെ മേൽ അർപ്പണം ചെയ്തതിൽനിന്ന് താൻ ഭക്ഷിക്കുന്നവനല്ലെന്ന് നബി(സ) പറയുകയും ചെയ്തു. (സയ്ദും ബിംബങ്ങളുടെ മേൽ അർപ്പിക്കപ്പെട്ടത് കഴിക്കുന്ന ആളായിരുന്നില്ല) ഇതായിരുന്നു ആ മനസ്സ്. ഇതിൽ അല്ലാഹുവിനോടുള്ള സ്നേഹമല്ലാതെ മറ്റൊരു സ്നേഹവും ഉണ്ടായിരുന്നില്ല. (ബുഖാരി)

പിന്നീട് നുബുവ്വത്ത് കാലം ആരംഭിച്ചു. ലോകം ദനാ ഫതദല്ലായുടെ (അദ്ദേഹം കൂടുതൽ അടുത്തു. എന്നിട്ടദ്ദേഹം ഇറങ്ങി 53:9) കാഴ്ച കണ്ടു; കാണുന്ന കണ്ണുണ്ടാകണമെന്നുമാത്രം. ഉദിച്ചുയരുന്ന ഓരോ ദിവസവും സ്നേഹിക്കുന്ന രണ്ടുപേരുടെ, അതായത് മുഹമ്മദ് റസൂലുല്ലാഹ് (സ) അല്ലാഹുവിനോട് അടുത്തടുത്ത് ചെല്ലുന്ന അടയാളം കാണിച്ചിരുന്നു. നബി(സ)യുടെ പിതൃവ്യൻ അബൂത്വാലിബ് അവിശ്വാസികളെ ഭയന്നുകൊണ്ട് അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിൽ തടസ്സമുണ്ടാക്കാൻ ശ്രമിച്ചപ്പോൾ സത്യവാനായ ഈ സ്നേഹിതൻ പറഞ്ഞ മറുപടി എന്താണ്? ഇബ്നു ഇസ്ഹാഖ് പറയുന്നു. അദ്ദേഹത്തിനു പുറമെ വേറെയും ആളുകൾ അവിടെ ഉണ്ടായിരുന്നു. ഇവരെല്ലാവരും അബൂത്വാലിബിന്റെയടുക്കൽ വന്നു. 'അബൂത്വാലിബേ! ഒന്നുകിൽ താങ്കൾ താങ്കളുടെ സഹോദരപുത്രനെ അവന്റെ പ്രവർത്തനത്തിൽനിന്ന് തടയുക. അവൻ നമ്മുടെ ബിംബങ്ങളെ ദുഷിച്ചു പറയരുത്. ഞങ്ങളുടെ പൂർവ പിതാക്കളെ അവിശ്വാസിയെന്നും വഴിപിഴച്ചവരെന്നും പറയാൻ പാടില്ല. ഇല്ലെങ്കിൽ അവനെ മനസ്സിലാക്കിക്കൊടുക്കാൻ ഞങ്ങളെ അനുവദിക്കുക. കാരണം അവനെതിരിൽ താങ്കളും ഞങ്ങളുടെ പങ്കാളിയാണ്. അതുകൊണ്ട് താങ്കൾ ഞങ്ങളുടെയും അവന്റെയും ഇടയിൽ കൈകടത്തരുത്.' അബൂത്വാലിബ് കാര്യങ്ങളെല്ലാം സൗമ്യമായി പറഞ്ഞൊതുക്കി അവരെ യാത്രയാക്കി. ഇങ്ങനെയൊക്കെ പറഞ്ഞിട്ടും നബി(സ) തന്റെ ദീൻ വിളംബരപ്പെടുത്തിക്കൊണ്ടിരുന്നു. ഖുറയ്ശികൾക്ക് നബിയോടുള്ള വൈരാഗ്യം നിത്യവും മൂർഛിച്ചുകൊണ്ടിരുന്നു. വീണ്ടും അവർ അബൂത്വാലിബിന്റെയടുക്കൽ വന്നു. അവർ പറഞ്ഞു: 'അബൂത്വാലിബേ! താങ്കൾ മാന്യനും ആദരണീയനുമാണ്. ഞങ്ങൾ ഈ രീതിയിൽ തന്നെയാണ് അങ്ങയെകാണുന്നത്. താങ്കളുടെ സഹോദരപുത്രനെ തടയാൻ ഞങ്ങൾ താങ്കളോട് പറഞ്ഞിരുന്നു. താങ്കൾ തടഞ്ഞില്ല. അല്ലാഹുവാണ! ഞങ്ങളുടെ ബിംബങ്ങളേയും പൂർവപിതാക്കളേയും ശകാരിക്കുന്നത് ഞങ്ങൾക്ക് സഹിക്കാനാവില്ല. ഒന്നുകിൽ താങ്കൾ ഇതു തടയുക. ഇല്ലെങ്കിൽ ഇരുകക്ഷികളിൽ ഒരു കക്ഷി നശിക്കുമെന്ന് ഞങ്ങൾ മുന്നറിയിപ്പ് തരികയാണ്.' ഇതുപറഞ്ഞ് അവർ പോയി. അബൂത്വാലിബിനെ അവരുടെ വാക്കുകൾ അസ്വസ്ഥനാക്കി. അദ്ദേഹത്തിന് നബി(സ)നെ വിശ്വസിക്കാനോ സഹായിക്കാനോ കഴിയാതെയായി. തന്റെ ജനതയോടൊപ്പവും നബിയോടൊപ്പവും നില്ക്കാൻ പറ്റാത്ത അവസ്ഥ. ഇബ്നു ഇസ്ഹാഖ് പറയുന്നു. ഖുറയ്ശികൾ അബൂത്വാലിബിനോട് ഈ പരാതി പറഞ്ഞപ്പോൾ, അബൂത്വാലിബ് നബി(സ)ന് സന്ദേശം അയച്ചു. എന്റെ സഹോദരപുത്രാ! നിന്റെ ജനത എന്റെയടുക്കൽവന്ന് നിന്നെക്കുറിച്ച് പരാതിപ്പെട്ടിരിക്കുന്നു. നിന്റെയും എന്റെയും ജീവനെ നശിപ്പിക്കുന്ന കാര്യങ്ങൾ നീ പറയരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. എനിക്കു താങ്ങാൻ പറ്റാത്തത് നീ എന്നിൽ ഇടാതിരിക്കുക. നിവേദകൻ പറയുന്നു. തന്റെ പിതൃവ്യന് ഇനി തന്നെ

സഹായിക്കാൻ കഴിയുകയില്ലെന്ന് നബി(സ) മനസ്സിലാക്കി. അദ്ദേഹത്തിന് മറുപടി കൊടുത്തുകൊണ്ട് നബി(സ) പറഞ്ഞു. എന്റെ പിതൃവ്യാ! ഇവർ എന്റെ വലതുകൈയിൽ സൂര്യനും ഇടതുകൈയിൽ ചന്ദ്രനും കൊണ്ടുവന്നുവെച്ചാൽ പോലും എനിക്കെന്റെ ജോലി ഉപേക്ഷിക്കാൻ പറ്റുകയില്ല; അല്ലാഹു അതിനെ പൂർത്തിയാക്കുകയോ അല്ലെങ്കിൽ ഞാൻ തന്നെ അതിൽ നാശമടയുകയോ ചെയ്യുന്നതുവരെ. നബി(സ)യുടെ കണ്ണിൽ കണ്ണീർ നിറഞ്ഞു. അബൂത്വാലിബ് നബിയെ വിളിച്ചുകൊണ്ടു പറഞ്ഞു: എന്റെ സഹോദരപുത്രാ! ഇവിടെ വരിക. നബി(സ) അദ്ദേഹത്തിന്റെയടുക്കലെത്തി. അദ്ദേഹം പറഞ്ഞു: നീ ആഗ്രഹിക്കുന്നത് നീ ചെയ്തുകൊള്ളുക. ഞാനൊരിക്കലും നിന്നെ ഉപേക്ഷിക്കുകയില്ല. സത്യവാനായി മനസ്സിലാക്കും.

ഈ സംഭവം അല്ലാഹുതആല ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വെളിപാടായി ഇങ്ങനെ അറിയിച്ചു. ഈ സംഭവം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ബഹുദൈവവിശ്വാസികൾ അശുദ്ധരാണെന്നും മലിനരാണെന്നും സൃഷ്ടികളിൽവെച്ച് ഏറ്റവും നികൃഷ്ടരാണെന്നും സാത്താന്റെ സന്തതിയാണെന്നും, അവർ വിളിച്ച് പ്രാർത്ഥിക്കുന്നവർ നരകത്തിന്റെ ഇന്ധനമാണെന്നുമുള്ള വചനങ്ങൾ ഇറങ്ങിയപ്പോൾ അബൂത്വാലിബ് നബി(സ)യെ വിളിച്ചു പറഞ്ഞു: എന്റെ സഹോദരപുത്രാ! നിന്റെ ശകാരം കൊണ്ട് ജനങ്ങൾ ആകെ ഇളകിയവരായിരിക്കുകയാണ്. എന്നെയും നിന്നെയും നശിപ്പിക്കാൻ മുതിർന്നിരിക്കുകയാണ്. നീ അവരിൽ ബുദ്ധിയുള്ളവരെ വിഡ്ഢികളെന്നു പറഞ്ഞു. അവരുടെ പൂർവപിതാക്കളെ സൃഷ്ടികളിൽ വെച്ചേറ്റവും നികൃഷ്ടരെന്ന് പറഞ്ഞു. അവർ അങ്ങേയറ്റം ബഹുമാനത്തോടെ ആരാധിക്കുന്ന ബിംബങ്ങൾ നരകത്തിലെ ഇന്ധനമാണെന്നു പറഞ്ഞു. പൊതുവെ ഇതെല്ലാത്തിനെയും അശുദ്ധമെന്നും മലിനമെന്നും പറഞ്ഞു. നന്മയാഗ്രഹിച്ചുകൊണ്ട് ഞാൻ നിന്നോടു പറയുകയാണ്. നീ നിന്റെ നാവിനെ തടയുക. ശകാരിക്കുന്നതിൽനിന്ന് പിന്മാറുക. ഇല്ലെങ്കിൽ ഈ ജനതയെ നേരിടാൻ ഞാൻ അശക്തനാണ്. നബി(സ) ഇതിനു മറുപടിയായി പറഞ്ഞു: എന്റെ പിതൃവ്യാ! ഇതു ശകാരമല്ല. ഇത് യാഥാർത്ഥ്യം വെളിപ്പെടുത്തലാണ്. കർമ്മാത്മാവിന്റെ ശരിയായ സ്ഥാനത്തുള്ള വിവരമാണിത്. ഈ ജോലിക്കായാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഞാൻ മരിക്കേണ്ടിവന്നാൽ ഞാൻ സന്തോഷത്തോടെ അതു സ്വീകരിക്കുന്നു. എന്റെ ജീവിതം ഈ വഴിയിൽ സമർപ്പണമാണ്. മരണത്തെഭയന്ന് സത്യം തുറന്നുപറയാതിരിക്കാൻ എനിക്കു പറ്റില്ല. അല്ലയോ പിതൃവ്യാ! താങ്കളുടെ ക്ഷീണത്തെക്കുറിച്ചും വിഷമതകളെക്കുറിച്ചുമുള്ള ചിന്തയാണ് താങ്കൾക്കെങ്കിൽ എന്നെ സംരക്ഷിക്കുന്നതിൽനിന്ന് പിന്മാറിക്കൊള്ളുക. അല്ലാഹുവാണ! എനിക്കു അങ്ങയെ ഒട്ടും ആവശ്യമില്ല. ദൈവിക കല്പന എത്തിക്കുന്നതിൽ നിന്ന് ഞാനൊരിക്കലും പിന്തിരിയുകയില്ല. എനിക്കെന്റെ യജമാനന്റെ കല്പന എന്റെ ജീവനെക്കാൾ പ്രിയങ്കരമാണ്. അല്ലാഹുവാണ! ഞാനീ വഴിയിൽ വധിക്കപ്പെട്ടാലും, വീണ്ടും വീണ്ടും ജനിച്ച് വധിക്കപ്പെടണം എന്നാണെന്റെ ആഗ്രഹം. ഇതു ഭയക്കേണ്ടിടമല്ല. മറിച്ച് അവന്റെ വഴിയിൽ വിഷമം സഹിക്കുന്നത് എനിക്ക് അതിരറ്റ ആനന്ദം ഉണ്ടാക്കുന്ന കാര്യമാണ്. നബി(സ) പ്രസംഗിക്കുകയായിരുന്നു. മുഖത്ത് സത്യതയും വെളിച്ചവും പ്രോജ്ജ്വലിച്ചുകൊണ്ടിരുന്നു. നബി(സ) പ്രസംഗം അവസാനിച്ചപ്പോൾ സത്യത്തിന്റെ പ്രകാശം കണ്ടിട്ട് അബൂത്വാലിബിന്റെ കണ്ണുകളിൽനിന്ന് അനിയന്ത്രിതമായി കണ്ണീരൊഴുകാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: ഞാൻ നിന്റെ ഈ ഉന്നതമായ നിലയെ തിരിച്ചറിഞ്ഞില്ല. നീ മറ്റൊരു വർണ്ണത്തിലും പ്രൗഢിയിലുമാണ് നിലകൊള്ളുന്നത്. നീ പോയി നിന്റെ പ്രവൃത്തിയിലേർപ്പെട്ടുകൊള്ളുക. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം, എനിക്ക് ശക്തി ഉണ്ടാകുവോളം ഞാൻ നിന്നോടൊപ്പം തന്നെയുണ്ടാകുന്നതാണ്.

ഇതിനെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. അബൂത്വാലിബിന്റെ ഈ സംഭവം ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നുണ്ടെന്ന് കാര്യം ശരിയാണ്. എന്നാൽ, ഈ എല്ലാ വാക്യങ്ങളും വെളിപാടുകളാണ്. അതു അല്ലാഹു ഈ വിനീതന്റെ ഹൃദയത്തിലിറക്കി. വിശദീകരിക്കുന്ന ചില വാക്യങ്ങൾ മാത്രമാണ് എന്നിൽ നിന്നുള്ളത്.

ഇതായിരുന്നു, നബി(സ)യോടുള്ള സ്നേഹത്തിൽ ലയിക്കുന്നതിന്റെ സ്ഥാനം. നബിയ്ക്ക് അല്ലാഹുവിനോടുള്ള സ്നേഹത്തിൽ, ഇന്ന് ഭൗതികവാദികൾ ഉന്നയിക്കുന്ന ആക്ഷേപം; ഭൗതികമായ സുഖലോലുപത ആഗ്രഹിച്ചിരുന്ന വ്യക്തിയായിരുന്നു അവിടന്ന് എന്നാണ്. അതിനുവേണ്ടിയാണത്രെ ഇതെല്ലാം അവിടന്ന് ചെയ്തത്. ദൗത്യ പ്രഖ്യാപനം മുതൽ തന്നെ ഈ ആക്ഷേപം നിലനില്ക്കുന്നുണ്ട്. ഈ പ്രവൃത്തിയിൽനിന്ന് പിന്മാറണമെന്നു പറഞ്ഞു ഭീഷണിപ്പെടുത്തുക മാത്രമല്ല ചെയ്തത്. അതവർ പ്രവർത്തിച്ചുകാണിക്കുകയും ചെയ്തു. ഒരുപാട് സംഭവങ്ങൾ ഇതു സംബന്ധമായി ഉണ്ടായിട്ടുണ്ട്. പക്ഷെ, ഇതൊക്കെയായിട്ടും അല്ലാഹുവിനോടുള്ള സ്നേഹം ആ മഹാത്മാവിന്റെ മനസ്സിൽനിന്ന് കുറയ്ക്കാൻ അവർക്കു കഴിഞ്ഞില്ല.

അത്തരം ഒരു സംഭവം നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. അബ്ദുല്ലാഹ് ബിൻ അംറിബ്നു ആസ് (റ) പറയുന്നു. ഒരു ദിവസം ഞാനും ഉണ്ടായിരുന്നു. ഖുറയ്ശികളിലെ വലിയ വലിയ വ്യക്തികൾ കഅ്ബയിൽ, ഹജ്‌രെ അസ്‌വദിന്റെയടുക്കൽ ഇരിക്കുകയായിരുന്നു. നബിയെക്കുറിച്ചാണ് അവർ ചർച്ച ചെയ്തിരുന്നത്. ഈ വ്യക്തിയുടെ കാര്യത്തിൽ നാം ക്ഷമിച്ചതുപോലെ ആരുടെ

കാര്യത്തിലും നാം ക്ഷമിച്ചിട്ടില്ല. ഇവൻ നമ്മുടെ മതത്തെയും പൂർവ പിതാക്കളെയും ചീത്ത പറയുന്നു. നാം അതിൽ ഒരുപാട് ക്ഷമിച്ചുകഴിഞ്ഞു. ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നബി(സ) അവിടെ വന്നു ത്വവാഫ് ചെയ്യാൻ തുടങ്ങി. ത്വവാഫ് ചെയ്തുകൊണ്ട് അവരുടെയടുത്തൂടെ കടന്നുപോകുമ്പോൾ സത്യനിഷേധികൾ ശബ്ദമുണ്ടാക്കി പരിഹസിച്ചു. മൂന്നുപ്രാവശ്യം അങ്ങനെയുണ്ടായി. നബിയുടെ മുഖകമലത്തിൽനിന്ന് ആ ദുഃഖം പ്രകടമായി. മൂന്നാമത്തെ പ്രാവശ്യം ശബ്ദം ഉണ്ടാക്കിയപ്പോൾ നബി(സ) അവിടെ നിന്നു. എന്നിട്ട് പറഞ്ഞു, അല്ലയോ ഖുറയ്ശി സംഘക്കാരേ! ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത്, അവനെക്കൊണ്ടു സത്യം. നിങ്ങളെപ്പോലുള്ളവരുടെ നാശത്തിന്റെ വാർത്തയുമായിട്ടാണ് ഞാൻ വന്നിട്ടുള്ളത്. ഹസ്റത്ത് അബ്ദുല്ലാഹിബ്നു അംറ് (റ) പറയുന്നു. നബി(സ)ന്റെ ഈ വാക്കുകളുടെ സ്വാധീനഫലമായി ഖുറയ്ശികൾ ഒന്നുമല്ലാത്ത അവസ്ഥയിലായി. അവരിൽ കോപാകുലനായി എടുത്തുച്ചാടി സംസാരിച്ചിരുന്നയാൾ മൃദുവായി സംസാരിക്കാൻ തുടങ്ങി. താങ്കൾ സമാധാനത്തോടെ പൊയ്ക്കൊള്ളാൻ പറഞ്ഞു. അങ്ങനെ നബി(സ) അവിടെ നിന്ന് പോയി.

രണ്ടാം ദിവസവും ഇവർ അവിടെ സംഘടിച്ചു. നീ തന്നെയാണ് ഞങ്ങളുടെ ബിംബങ്ങളിലെ ന്യൂനത വിളിച്ചു പറയുന്നവനും, പൂർവികരെ ചീത്ത പറയുന്നവനും എന്നു പറഞ്ഞ് ദേഷ്യപ്പെടാൻ തുടങ്ങി. നബി(സ) പറഞ്ഞു. അതേ, ഞാനിതുതന്നെയാണ് പറയുന്നത്. അബ്ദുല്ലാഹിബ്നു അംറ് പറയുന്നു: നബിയുടെ അനുഗൃഹീതമായ ചാദുർ ഒരാൾ പിടിച്ചിരിക്കുന്നതായി ഞാൻ കണ്ടു. അബൂബക്കർ അതുകണ്ട് കരഞ്ഞുകൊണ്ട് എഴുന്നേറ്റു. ഖുറയ്ശികളോടു ചോദിച്ചു. എന്റെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുന്ന ഒരാളെ കൊല്ലാനാണോ നിങ്ങൾ തുനിയുന്നത്? അപ്പോൾ ഖുറയ്ശികൾ നബിയെ വിട്ടുകൊണ്ട് മടങ്ങിപ്പോയി. നബി(സ)യോടു ഖുറയ്ശികൾ മോശമായി പെരുമാറിയ ഈ സംഭവം ഞാനെന്റെ കണ്ണുകൊണ്ട് കണ്ടതാണെന്ന് നിവേദകൻ പറയുന്നു.

ഇത്തരം സംഭവങ്ങൾ വേറെയുമുണ്ട്. നബിയേയും വിശ്വാസികളേയും കൊല്ലുന്നതുമായി ബന്ധപ്പെട്ട് ഭയാനക സംഭവങ്ങളും ഗൂഢ പദ്ധതികളും ഉണ്ട്. പക്ഷേ, അല്ലാഹു ആദമിനെ സൃഷ്ടിച്ചതോടൊപ്പം തന്നെ നബിയെക്കുറിച്ചും ഒരു തീരുമാനമെടുത്തിരുന്നു. ഈ പ്രിയപ്പെട്ടവൻ മുഖേന തന്റെ സന്ദേശം ലോകത്തിന് എത്തിക്കണമായിരുന്നു. തന്റെ വാഗ്ദാനമനുസരിച്ച് നബി(സ)യെ സംരക്ഷിക്കണമായിരുന്നു. പ്രയാസഘട്ടങ്ങളിലെല്ലാം അവൻ തന്നെ നബി(സ)യെ സഹായിച്ചുപോന്നു. അവനാണ് നബിയുടെ സംരക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നത്. ഒരു സംഭവം നിവേദനത്തിൽ ഇങ്ങനെ വന്നിട്ടുണ്ട്.

ഖുറയ്ശീ നേതാക്കന്മാരോട് സംസാരിച്ചതിനുശേഷം നബി(സ) പൊയ്ക്കഴിഞ്ഞപ്പോൾ അബൂജഹൽ പറഞ്ഞു: ഖുറയ്ശികളേ! മുഹമ്മദ് നമ്മൾ പറഞ്ഞതൊന്നും അംഗീകരിക്കാതിരുന്നത് നിങ്ങൾ കണ്ടില്ലേ? നിങ്ങളുടെ പൂർവികരേയും മതത്തേയും അധിക്ഷേപിക്കുന്നതിൽനിന്ന് പിന്മാറിയതുമില്ല. അതുകൊണ്ട് ഞാൻ ദൈവത്തോടു പ്രതിജ്ഞ ചെയ്യുന്നു. ഞാൻ വലിയൊരു കല്ലുമായി നാളെ മാറിയിരിക്കും. മുഹമ്മദ് സുജൂദ് ചെയ്യുമ്പോൾ ഞാനത് അവന്റെ തലയിൽ ഇടുന്നതാണ്. നിങ്ങളെന്നെ സംരക്ഷിക്കണം. പിന്നീട് അബ്ദെ മനാഫ് അതായത് മുഹമ്മദിന്റെ ബന്ധുക്കൾ ചെയ്യാവുന്നതൊക്കെ ചെയ്തുകൊള്ളട്ടെ. ഖുറയ്ശികൾ പറഞ്ഞു: ഞാൻ താങ്കൾക്കു അഭയം നല്കും. ചെയ്യാവുന്നത് ചെയ്തുകൊള്ളുക. നേരം വെളുത്തപ്പോൾ അബൂജഹൽ ഒരു കല്ലുമായി നബി(സ)യെ കാത്തിരുന്നു. നബി(സ) തന്റെ നിത്യശീലമനുസരിച്ച് മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചു. അക്കാലത്ത് ഖിബ്ല ബയ്ത്തുൽ മുഖദ്ദിസ്സായിരുന്നു. അതുകൊണ്ട് അവിടന്ന് ഹജ്റെ അസ്വദിന്റെയും ഇബ്നുജമാനിയുടെയും ഇടയിൽ നമസ്കാരത്തിൽ ലയിച്ചു. ഖുറയ്ശികൾ അവരവരുടെ സ്ഥാനത്തിരുന്ന് അബൂജഹ്ലിന്റെ പദ്ധതികൾ നോക്കിക്കാണുന്നുണ്ടായിരുന്നു. അവിടന്ന് സുജൂദിലേക്ക് പോയപ്പോൾ അബൂജഹ്ൽ കല്ലുമായി നബിയുടെയടുക്കലേക്ക് നടന്നടുത്തു. അടുത്തെത്തിയപ്പോൾ പിന്നോക്കം മാറി. കല്ല് കൈയിൽനിന്ന് താഴെ വീണു. ബോധം നഷ്ടപ്പെട്ട്, ഭയന്ന് അയാൾ തന്റെ യാളുകളുടെയടുക്കലെത്തി. ആളുകൾ അയാളുടെയടുക്കലേക്ക് ഓടിച്ചെന്ന് എന്താണ് സംഭവിച്ചതെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: നിങ്ങളോട് രാത്രി ചെയ്ത വാഗ്ദാനം പൂർത്തിയാക്കാൻ വേണ്ടി ഞാൻ കല്ലുമായി അവന്റെയടുക്കലേക്ക് ചെന്നപ്പോൾ കണ്ടാൽ പേടി തോന്നുന്ന വലിയൊരു ഭ്രാന്തൻ ഒട്ടകം വായ്പൊളിച്ചുകൊണ്ട് എന്റെ നേരെ വരുന്നതു ഞാൻ കണ്ടു. എന്നെ പറിച്ചു കീറിത്തിന്നാൻ അതൊരുങ്ങുന്നു. ഞാൻ പെട്ടെന്ന് പിന്നോക്കം മാറി. ഇല്ലെങ്കിൽ രക്ഷപ്പെടുമായിരുന്നില്ല.

നോക്കുക, എങ്ങനെയാണ് അല്ലാഹു തന്റെ പ്രിയപ്പെട്ടവനെ സംരക്ഷിക്കാനുള്ള ഏർപ്പാടു ചെയ്തത്. എന്നാൽ, മനസ്സ് കല്ലായിത്തീർന്നവൻ അടയാളം കണ്ടാൽ താൽക്കാലികമായിട്ടെ ഭയപ്പെടുകയുള്ളു. ഈമാനിന്റെ പ്രകാശം അവനിൽ പതിക്കുകയില്ല. അബൂജഹ്ലിന്റെ അവസ്ഥയും ഇതുതന്നെയായിരുന്നു.

പ്രേമിയേയും പ്രേമഭാജനത്തേയും വേർപ്പെടുത്തുന്നതിനുവേണ്ടി എല്ലാതരം ആയുധങ്ങളും പ്രയോഗിച്ചുനോക്കി. അവസാനം ഭൗതികമായ അത്യാഗ്രഹം ഉണ്ടാക്കി നോക്കാം എന്നവർ ചിന്തിച്ചു. നേരിട്ട് ഇതിനെക്കുറിച്ച് സംസാരിച്ചുനോക്കാം.

പക്ഷെ, ബുദ്ധിയ്ക്ക് അന്ധത ബാധിച്ച ഇവർക്കെന്ത റിയാം. അല്ലാഹുവിന്റെ സ്നേഹത്തിൽ അകപ്പെട്ടി രിക്കുന്ന ഒരു വ്യക്തിയ്ക്ക് അതും നബിയ്ക്ക് ഈ ഭൗതികമായ അത്യാഗ്രഹം എന്തു മാറ്റമുണ്ടാക്കാനാ ണ്.

ചരിത്രത്തിൽ ഈ സംഭവം ഇങ്ങനെ രേഖ പ്പെടുത്തിയിരിക്കുന്നു. ഇബ്നു ഇസ്ഹാഖ് പറയുന്നു. ഇസ്ലാം ഓരോ ദിവസവും അഭിവൃദ്ധിപ്പെടാൻ തുട ങ്ങിയപ്പോൾ, ഖുറയ്ശികൾ അവരെക്കൊണ്ടു കഴി യുന്നിടത്തോളം ജനങ്ങളെ തടഞ്ഞുനിറുത്തിയിരു ന്നു. പലതരത്തിലും അവരെ ബുദ്ധിമുട്ടിച്ചിരുന്നു. ചിലരെ വീട്ടുതടങ്കലിൽ വെച്ചു. ഇബ്നു അബ്ബാസ് (റ) പറയുന്നു. ഒരിക്കൽ ഖുറയ്ശീ നേതാക്കന്മാ രെല്ലാം നബിയോടു സംസാരിക്കാൻ സംഘടിച്ചു. അവരുടെ പേരുകൾ ഇപ്രകാരമാണ്. ഉത്ബ, ശേയ്ബ, അബൂസുഫ്യാൻ, നള്ർ, അബുൽ ബഖ്ത്തരി, ഹശ്ശാം, അബൂജഹ്ൽ, അബ്ദുല്ലാഹ് ബിൻ ഉമയ്യ, ആസ്ബിൻ മായിൻ, ഉമയ്യാബിൻ ഖൽഫ് തുടങ്ങിയ പലരും. ഇവരെല്ലാം, സൂര്യാസ്തമയത്തിനുശേഷം കഅ്ബയുടെ പിന്നിൽ സംഘടിച്ചു. ആരെയെങ്കിലും വിട്ട് മുഹമ്മദിനെ സംസാരത്തിനായി വിളിക്കുക എന്ന് പരസ്പരം പറഞ്ഞു. അവനെ പരാജയപ്പെടു ത്തുന്ന രീതിയിൽ സംസരിക്കണമെന്നും നിഷ്കർഷി ച്ചു. പിന്നീട് അവർ ഒരാളെ നബിയുടെ അടുക്കലേ ക്കയച്ചു. നേരായമാർഗ്ഗത്തിലേക്ക് തിരിയാൻ അവർ തീരുമാനിച്ചിരിക്കുന്നതായി നബിയ്ക്കുതോന്നി. കാരണം അവർ വിശ്വസിക്കണമെന്ന അതിയായ ആഗ്രഹം നബി(സ) ക്കുണ്ടായിരുന്നു. പെട്ടെന്നുത ന്നെ നബി(സ) ആ മജ്ലിസിലെത്തി. ഐകകണ്ഠ്യേന അവരെല്ലാവരും നബിയോടു പറഞ്ഞു: മുഹമ്മദേ! സംസാരിക്കാനാണ് ഞങ്ങൾ താങ്കളെ വിളിപ്പിച്ചത്. അല്ലാഹുവാണെസത്യം! സ്വന്തം ജനതയെ ഇത്ര മാത്രം വിഷമസന്ധിയിൽ അകപ്പെടുത്തിയ ഒരു വ്യക്തിയെ നിന്നെപ്പോലെ ഞങ്ങൾ ഇതുവരെ കണ്ടി ട്ടില്ല. താങ്കൾ ഞങ്ങളുടെ പൂർവ്വികരെ പഴിക്കുന്നു. ഞങ്ങൾ ആരാധിക്കുന്നവയെ ചീത്ത പറയുന്നു. ഇങ്ങനെ സംഘടിതശക്തിയെ ഛിന്ന ഭിന്നമാക്കി താങ്കൾ ഞങ്ങളോടു ചെയ്യാത്ത ഒരു മോശമായ കാര്യവുമില്ല. നിന്റെ ഉദ്ദേശ്യം പണം സ്വരൂപിക്കുക എന്നതാണെങ്കിൽ ഞങ്ങൾ ഞങ്ങളുടെ ധനമെല്ലാം നിനക്ക് കാഴ്ചവെയ്ക്കാം അങ്ങനെ നീസമ്പന്നനാ കും. നേതാവാകാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ഞങ്ങൾ നിന്നെ നേതാവാക്കാം. രാജാവാകണമെന്നാ ണ് ആഗ്രഹമെങ്കിൽ ഞങ്ങൾ നിന്നെ രാജാവായി വാഴിക്കാം. വല്ല ജിന്നോ മറ്റോ താങ്കളുടെ അടുക്കൽ വരുന്നുണ്ടെങ്കിൽ ആ ബാധയകറ്റുന്നതിനുവേണ്ടി സ്വത്തുക്കളെല്ലാം വിൽക്കേണ്ടതായി വന്നാലും ചികിത്സിക്കാനും തയ്യാറാണ്. ഇതുകേട്ട് നബി(സ) പറഞ്ഞു: നിങ്ങൾപറഞ്ഞത് ഒന്നും തന്നെ എന്നിലില്ല. ഞാൻ ധനം ആഗ്രഹിക്കുന്നില്ല. ആദരവ് ആഗ്രഹി ക്കുന്നില്ല. ഭരണവും ആഗ്രഹിക്കുന്നില്ല. എന്നെ അല്ലാഹുറസൂലായി അയച്ചിരിക്കുന്നു. അവന്റെ ഗ്രന്ഥവും എന്നിൽ ഇറക്കി. ഞാൻ നിങ്ങൾക്കുവേ ണ്ടി സുവാർത്ത അറിയുക്കുന്നവനും പേടിപ്പിച്ചറിയി ക്കുന്നവനുമായിതീരണമെന്ന് അവനെന്നോട് കല്പി ച്ചിരിക്കുന്നു. അതായത് സന്തോഷവാർത്തയും അറിയിക്കണം. ശിക്ഷയെസംബന്ധിച്ച് മുന്നറിയിപ്പും നൽകണം. അതുകൊണ്ട് ദൈവത്തിന്റെ സന്ദേശം ഞാൻ നിങ്ങൾക്കെത്തിച്ചിരിക്കുന്നു. നിങ്ങൾ സ്വീക രിക്കുകയാണെങ്കിൽ നിങ്ങൾക്കാണ് അതുകൊണ്ട് നേട്ടം. നിങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ അല്ലാഹു നമുക്കിടയിൽ തീരുമാനം കല്പിക്കുന്നതുവരെ നിങ്ങൾ ക്ഷമിക്കുക.

നബി(സ)ന് താൻ അല്ലാഹുവിന്റെ സത്യവാ നായ നബിയാണെന്ന് ദൃഢമായ വിശ്വാസമുണ്ടായി രുന്നു. ദൈവവിധി അവസാനം തനിക്കനുകൂലമായി രിക്കുമെന്നും അറിയാമായിരുന്നു. അതുകൊണ്ട് പറഞ്ഞു. അല്ലയോ അവിശ്വാസികളെ! നിങ്ങൾക്ക് നിങ്ങളുടെ പിടിവാശികാരണത്താൽ നിങ്ങളുടെ കള്ളമതത്തിൽ നിന്ന് പിന്മാറാൻ സാധിക്കുകയില്ല. സൂറകാഫിറൂനിൽ ഈ എല്ലാകാര്യങ്ങളും വന്നിരി ക്കുന്നു. ഞാൻ അല്ലാഹുവിന്റെ നബിയാണ്. ഞാൻ ആ അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിൽ നിന്നും പിന്മാറുന്നതെങ്ങനെ? അതാണെങ്കിൽ അല്ലാഹു എന്നോട് കല്പിച്ചതാണ്. ഓരോ ദിവസ വും തന്റെ ശക്തി പ്രഭാവത്തിന്റെ പുതിയ അടയാള ങ്ങൾ എനിക്കുകാണിച്ചുതരുന്നു. ആ അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്ന് ഞാൻ എങ്ങനെ പിന്മാറാ നാണ്. അവനാണെങ്കിൽ നിങ്ങൾക്കെതിരിൽ എന്നെ സഹായിക്കാൻ സ്വയം എഴുന്നേറ്റിരിക്കുകയാണ്. നിങ്ങൾ എനിക്കെതിരിൽ പ്രവർത്തിച്ചുകൊണ്ടേയിരി ക്കുക. എന്നെ ബുദ്ധിമുട്ടിക്കുന്നതിൽ ഒരു വീഴ്ചയും വരുത്തണ്ട പക്ഷെ, ഓർമ്മിച്ചുകൊള്ളുക. വിജയിക്കു ന്നത് ഞാൻ തന്നെയായിരിക്കും. നിങ്ങൾക്കുള്ള എന്റെ മറുപടി ഇതുതന്നെയാണ്. അത് അല്ലാഹു എന്നെ പഠിപ്പിച്ചതാണ്. നിങ്ങൾ നിങ്ങളുടെ മതത്തിൽ ഉറച്ചുനിൽക്കുക. ഞാനെന്റെ മതത്തിലും ഉറച്ചു നിൽക്കുന്നതാണ്. ലക്കും ദീനുക്കും വലിയദീൻ പക്ഷെ ഓർമ്മിച്ചുകൊള്ളുക, വിധിക്കപ്പെട്ട ഒരുകാര്യ മുണ്ട് അല്ലാഹുവിന്റെ നിയതിനിയമം വിധിച്ചുകഴി ഞ്ഞിരിക്കുന്നു. എന്റെ അല്ലാഹു തീരുമാനമെടുത്തു കഴിഞ്ഞിരിക്കുന്നു. അവൻ ദൃശ്യവും അദൃശ്യവും അറിയുന്നവനാണ്. ഭാവിയെക്കുറിച്ചും അവനറിയാം തന്റെ സ്നേഹം അവൻ എന്നിൽ പ്രകടിപ്പിച്ചു കഴി ഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ വിധിയെന്താണെന്നു വെച്ചാൽ, ഏകനായ അല്ലാഹുവിന്റെ മതം തന്നെ വിജയിക്കണമെന്നാണ്. നിങ്ങൾ നശിക്കേണ്ടവരാണ്. ഈ മറുപടി അല്ലാഹുതആല തന്നെസ്നേഹിക്കുന്ന, തന്റെ പ്രിയപ്പെട്ടവന്റെ വായിലൂടെ പറയിച്ചു.

നബി(സ)ന് അല്ലാഹുവിനോടുണ്ടായിരുന്ന

സ്നേഹവും അവന്റെ ഏകത്വം ലോകത്ത് വ്യാപിപ്പിക്കുന്നതിനുള്ള ആവേശവും, അതിനുള്ള അവിടത്തെ പരിശ്രമവും ആർക്കും നേരിടാൻ പറ്റാത്തതാണ്. എന്നാൽ ആരുടെയെങ്കിലും വായിൽ നിന്ന് അല്ലാഹുവിനെക്കുറിച്ചുള്ള ഉന്നതമായ വർത്തമാനം കേട്ടാൽ എപ്പോഴും അവരെ അഭിനന്ദിക്കുമായിരുന്നു. ഒരു നിവേദന ത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: ഏറ്റവും നല്ലവാക്ക് ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് ലബീദിന്റെ ഈ പദ്യശകലമാണ് കേൾക്കുക, അല്ലാഹുവല്ലാത്ത എല്ലാവസ്തുവും നിരർത്ഥകവും നശിക്കുന്നതുമാണ്. അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ നാമത്തിലുള്ള അഭിനിവേശവും നബിയിൽ എത്രമാത്രമായിരുന്നു. നഷ്ടം സഹിക്കാൻ കഴിയുമായിരുന്നു. പക്ഷെ, അല്ലാഹുവിന്റെ അഭിമാനം എന്താണോ ആവശ്യപ്പെടുന്നത്. അത് പൂർത്തിയാക്കിയില്ലെങ്കിൽ സഹിക്കുമായിരുന്നില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ പോകുകയായിരുന്നു. ഹറത്തുൽ വബ്റ എന്നസ്ഥലത്തുവെച്ച് ഒരു ബിംബാരാധകനെ കണ്ടുമുട്ടി തന്റേടത്തിലും ധൈര്യത്തിലും പേരുകേട്ടആളായിരുന്നു അദ്ദേഹം. സ്വഹാബത്ത് അദ്ദേഹത്തെക്കണ്ട് വളരെ സന്തോഷിച്ചു. അയാൾ നബിയോടുപറഞ്ഞു: യുദ്ധമുതലിൽ എനിക്കും വിഹിതം തരികയാണെങ്കിൽ യുദ്ധം ചെയ്യാമെന്നുകരുതിയാണ് ഞാൻ വന്നിട്ടുള്ളത്. അവിടന്ന്ചോദിച്ചു. താങ്കൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നുണ്ടോ? ഇല്ലെന്ന് അയാൾ പറഞ്ഞു. നബി(സ) പറഞ്ഞു: എന്നാൽ താങ്കൾക്കു പോകാം. ഒരു ബഹുദൈവാരാധകനിൽ നിന്നും സഹായം തേടാൻ ഞാനാഗ്രഹിക്കുന്നില്ല. കുറച്ചുകഴിഞ്ഞ് വീണ്ടും വന്ന് അയാൾ അതുതന്നെ പറഞ്ഞു. നബി(സ) ആദ്യത്തെമറുപടിതന്നെ നൽകി. മൂന്നാമത്തെ പ്രാവശ്യം വന്നിട്ട് തന്നേയും സൈന്യത്തിൽ ഉൾപ്പെടുത്താൻ പറഞ്ഞു. അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നുണ്ടോ എന്ന് അവിടന്ന് ചോദിച്ചു. വിശ്വസിക്കുന്നുവെന്ന് അപ്പോൾ അയാൾ മറുപടി പറഞ്ഞു. അവിടന്ന് പറഞ്ഞു: ശരി നമ്മോടൊപ്പം പോരിക.

ഒരു ഭൗതീക ചിന്താഗതിക്കാരനായിരുന്നെങ്കിൽ സഹായംലഭിക്കാൻ പ്രയോജനപ്പെടുത്തുക എന്നു പറയുമായിരുന്നു. പക്ഷെ നബി(സ) യുടെ അഭിമാനം അതിനനുവദിച്ചില്ല. അല്ലാഹുവിന്റെ പേരിൽ ചെയ്യുന്നയുദ്ധത്തിന് ബഹുദൈവാരാധകനിൽ നിന്ന് സഹായം തേടുന്നത് അവിടന്ന് ഇഷ്ടപ്പെട്ടില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഉമർ (റ) തന്റെ പിതാവിനെപിടിച്ച് ഒരിക്കൽ സത്യം ചെയ്യുകയായിരുന്നു. നബി(സ) അദ്ദേഹത്തെ വിളിച്ചിട്ടു പറഞ്ഞു: കേൾക്കുക, നിങ്ങളുടെ പിതാവിനെ പിടിച്ചുസത്യം ചെയ്യുന്നത് അല്ലാഹു വിലക്കിയിരിക്കുന്നു. സത്യം ചെയ്യേണ്ടിവന്നാൽ അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്യുക. ഇല്ലെങ്കിൽ മൗനം പാലിക്കുക. (ബുഖാരി)

ചിലർക്ക് എന്തെങ്കിലും പറഞ്ഞാലുടനെ അല്ലാഹുവിനെപിടിച്ച് സത്യം ചെയ്യുന്നശീലമുണ്ട് അതൊരുശീലമായിതീർന്നിരിക്കുന്നു. ഇങ്ങനെ സത്യം ചെയ്യാൻ പാടില്ലാത്തതാണ്. ചിലപ്രത്യേക അവസരങ്ങളിൽ, നിർബന്ധിതനായിക്കൊണ്ട് സത്യം ചെയ്യേണ്ടിവരും. അപ്പോൾ സത്യം ചെയ്യുക. അല്ലാഹുവിനെ ഞാൻ സാക്ഷിയാക്കുകയാണെന്ന ഓർമ്മയുമുണ്ടായിരിക്കണം. അല്ലാഹുവിന്റെ അവകാശം ഓർക്കാതെപോലും മറ്റാർക്കെങ്കിലും നൽകുന്നത് നബി(സ) ഒരിക്കലും സഹിച്ചിരുന്നില്ല. എന്തെങ്കിലും കർമ്മം ശിർക്കിലേക്ക് കൊണ്ടുപോകുമെന്ന് അല്പം സംശയമുണ്ടായാൽ കഠിനമായി അവിടന്ന് അതിനെ വിലക്കിയിരുന്നു. ഖബ്റുകളിൽപോയി ദുആ ചെയ്യാൻ അവിടന്ന് അനുവദിച്ചു. പക്ഷെ, അവിടെ ദീപം കൊളുത്തുന്നതും മെഴുകുതിരി തെളിക്കുന്നതും അവിടന്ന്ക്ഷമിച്ചിരുന്നില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു. ഖബ്റുകളെ പൂജിക്കുന്നവരുടേയും അവിടെ ദീപം കൊളുത്തുന്നവരുടേയും മേൽ അല്ലാഹുവിന്റെ റസൂൽ(സ) ശാപം ചൊരിഞ്ഞിരിക്കുന്നു.

ഇന്നുനോക്കുക, നമ്മുടെ നാട്ടിൽ മുസ്ലിംകൾ എന്നവകാശപ്പെടുന്നവരും ഇതുചെയ്യുന്നു. സ്വയം അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കുന്നതിനുവേണ്ടിയത്നിച്ച മഹാത്മാവിന്റെ പേരിൽ ശിർക്ക് നടക്കുന്നു. അദ്ദേഹത്തോട് ആവശ്യങ്ങൾ ചോദിക്കുന്നു. ആഗ്രഹം പൂർത്തീകരിച്ചുതരാൻ വിലപിക്കുന്നു. ചാദുറുകൾ ഇടുന്നു.

ഒരു സ്ത്രീ പറയുകയുണ്ടായി അവരെ പരിചയമുള്ള ഒരു സ്ത്രീയുണ്ടായിരുന്നു. അവർക്ക് ഒരാൺ കുട്ടിയുണ്ടായിരുന്നു. ഇവനെ ദാത്തസാഹിബാണ് തന്നതെന്ന് അവർ പറയുമായിരുന്നു. അല്ലാഹുവിനെ ഭയപ്പെടാൻ പറഞ്ഞപ്പോൾ അങ്ങനെയല്ല ഞാൻ അല്ലാഹുവിനോട് ആൺകുട്ടിയെ ചോദിച്ചുകൊണ്ടിരുന്നു നമസ്കാരത്തിൽ ദുആചെയ്തുകൊണ്ടിരുന്നു. പക്ഷെ ആൺകുട്ടി ഉണ്ടായില്ല. എന്നാൽ ഞാൻ ദാത്തദർബാറിൽ ചെന്നുവിലപിച്ചപ്പോൾ എനിക്ക് ആൺകുട്ടിയെകിട്ടി. അല്ലാഹുവിനു പകരം ദാത്തസാഹിബാണ് അവർക്കെല്ലാം. അല്ലാഹുവിനെ ഒരുഭയവുമില്ല. ഞാൻ പറഞ്ഞതുപോലെ ഏഷ്യൻ നാടുകളിൽ ഈ ശിർക്കിൽ അനേകമാളുകൾ അകപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ റസൂൽ അത്തരമാളുകളെ ശപിച്ചിരിക്കുകയാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. ഹസ്റത്ത്

ഉമ്മുസൽമ ഹബ്ശയിലെ ഒരു ക്രിസ്ത്യൻ പള്ളിയെക്കുറിച്ച് പറഞ്ഞു. മാരിയ എന്നായിരുന്നു അതിന്റെ പേര്. അതായത് ഹസ്റത്ത് മറിയം. അതിൽ അവർ ചിത്രങ്ങൾ വെച്ചിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു. നല്ലവരായ ആരെങ്കിലും മരണപ്പെട്ടാൽ അവരുടെ ഖബറിനുമേൽ പള്ളിപണിയുന്ന ജനതയാണിവർ അതിൽ ബിംബമുണ്ടാക്കുന്നു. അവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ദുഷിച്ച സൃഷ്ടികളാണ്. (ബുഖാരി) ഒരുസ്ഥലത്ത് ഇങ്ങനെയും വന്നിട്ടുണ്ട്. നബി(സ) ന് സുഖമില്ലാത്ത അവസ്ഥയിലായിരുന്നു ഇക്കാര്യം പറഞ്ഞത്. ഇതുകേട്ടുകൊണ്ട് അവിടന്ന് ദേഷ്യത്തോടെ എഴുന്നേറ്റിരുന്നു. അങ്ങനെ ചെയ്യുന്നവൻ തകരട്ടെ എന്ന് അവിടന്ന് പറഞ്ഞു.

അവിടന്ന് ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. *അല്ലാഹുമ്മ ലാ തജ്അൽ ഖബ്‌രീ വഥ്നാ* അല്ലാഹുവേ, എന്റെ ഖബറിനെ ബിംബാരാധനയുടെ സ്ഥലമാക്കരുതേ. (അഹ്മദ്)

ജീവിതം മുഴുവൻ ഒരു നിമിഷം പോലും വിട്ടുകളയാതെ അല്ലാഹുവിനോടുള്ള സ്നേഹത്തിൽ മുഴുകുകയും ഏകദൈവത്വസിദ്ധാന്തം സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയും രാത്രിമുഴുവൻ നിന്ന് അല്ലാഹുവിനെ ആരാധിച്ച കാരണത്താൽ കാലുകൾ നീരുവന്ന് വീർക്കുകയും ലോകത്തിലെ ഓരോവ്യക്തിയും ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നവരായിതീരണം എന്നഒരേ ഒരാഗ്രഹം വെച്ചുപുലർ ത്തുകയും ചെയ്ത ഒരാൾ എങ്ങനെയാണ് തന്റെ ഖബർ ശിർക്കിന്റെ ഇടമായിതീരണമെന്ന് ആഗ്രഹിക്കുക. ഇന്നേവരെ അല്ലാഹു ഈ ദുആ സ്വീകരിച്ചുകൊണ്ട് ആ അനുഗ്രഹീത ഖബറിനെ ശിർക്കിൽനിന്ന് സുരക്ഷിതമാക്കിവെച്ചിരിക്കുന്നു. എന്നാൽ പീർമാരുടേയും ഫക്കീർമാരുടേയും ഖബറിങ്കൽപോയി ശിർക്ക് ചെയ്യുന്ന മുസ്‌ലികളെ കാണുമ്പോൾ അത്ഭുതം തോന്നുന്നു.

ഹസ്റത്ത് മസീഹ്മൗഊദ് (അ) പറയുന്നു: ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കികാണുന്നത്. മുഹമ്മദ് എന്ന് പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്വലാത്തും സ്വലാമും അവിടത്തെമേൽ വർഷിക്കട്ടെ.) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപെട്ടതല്ല. അഹോകഷ്ടം. അവിടത്തെ യഥാർത്ഥപദവി അതർഹിക്കും വിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ എകദൈവ വിശ്വാസം വീണ്ടും ഈലോകത്ത് തിരിച്ചുകാണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു, മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകൻമാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നൽകുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു.

വീണ്ടും അവിടന്ന് പറയുന്നു. ഖുർആൻ പാരയണം ചെയ്തുനോക്കുക. നമ്മുടെ നബി(സ) അല്ലാതെ ലോകത്തു ആരുംതന്നെ പരിപൂർണ്ണ മാതൃകയായിട്ടില്ല. ഖിയാമത്തുനാൾ വരെ ഉണ്ടാകുകയുമില്ല. ദിവ്യാത്ഭുതങ്ങൾ കാണിക്കാനുള്ള ശക്തി കൈവന്നിരിന്നിട്ടും നബി(സ) എപ്പോഴും ദാസ്യത്വത്തിൽ തന്നെ നിന്നു. ആവർത്തിച്ചാവർത്തിച്ച് '*ഇന്നമാഅനബശറുൻമ്മിസ്‌ലുക്കും*' എന്നുപറഞ്ഞുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ തൗഹീദിന്റെ കലിമ ദാസ്യത്വത്തിന്റെ ഒരു ഭാഗമായി നിശ്ചയിക്കപ്പെട്ടു. അതില്ലാതെ മുസ്‌ലിം മുസ്‌ലിമാകുകയില്ല. ചിന്തിക്കുക വീണ്ടും ചിന്തിക്കുക. ഏതൊരവസ്ഥയിലാണോ സമ്പൂർണ്ണമാർഗ്ഗദർശി നമുക്ക് ഈ പാഠം നൽകുന്നത്, അതായത് ഉന്നതമായ സമീപാവസ്ഥ പ്രാപിച്ചിട്ടും ദാസ്യത്വം കൈവെടിഞ്ഞില്ല. എന്നുവരുമ്പോൾ മറ്റുള്ളവരെക്കുറിച്ച് അങ്ങനെ വിചാരിക്കുന്നതുതന്നെ വ്യർത്ഥമാണ്. അത്തരംകാര്യങ്ങൾ മനസ്സിൽ വിചാരിക്കുന്നതുതന്നെ നിരർത്ഥകമാണ്.

ഇതാണ് നബി(സ)യുടെ ആത്മീയാവസ്ഥ. അല്ലാഹുവിനോടുള്ള സ്നേഹം ഹൃദയങ്ങളിൽ സൃഷ്ടിക്കാൻ വേണ്ടിയാണ് അവിടന്ന് ജനിച്ചത്. ഉന്നതനായ മനുഷ്യൻ, പരമകാരുണികന്റെ പരമമായ സാമീപ്യവസ്ഥ ആർക്കെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ അത് നബി(സ) തിരുമേനിക്കാണ് ലഭിച്ചത് ആരാണ് ദാസനെന്ന് പറഞ്ഞുകൊടുക്കാൻ, താൻ ആരാണെന്ന് മനസ്സിലാക്കികൊടുക്കാൻ, അല്ലാഹുവിന്റെ സത്തഎന്താണെന്ന് അറിയിച്ചുകൊടുക്കാൻ വേണ്ടിയാണ് അവിടന്ന് നിയോഗിതനായത്. തൗഹീദ് സ്ഥാപിക്കാൻവേണ്ടിയാണ് അവിടന്ന് നിയോഗിതനായത്. ജീവിതം മുഴുവൻ ഇതിൽ മാത്രം അവിടന്ന് കഴിച്ചുകൂട്ടി. ദുൻയാവിലെ ഓരോവ്യക്തിയും ഈ തൗഹീദിൽ നിലകൊള്ളണമെന്നതായിരുന്നു അവിടത്തെ ആഗ്രഹം ആ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാലത്തും അവിടത്തെദാസൻ ഹസ്റത്ത് മസീഹ്മൗഊദ്(അ) ഇത് നമുക്ക് പറഞ്ഞുതന്നു. ഇക്കാരണത്താൽ നാം നമ്മുടെ യജമാനരായ നബി(സ) യെപിൻപറ്റിക്കൊണ്ട് ഏകനായ അല്ലാഹുവിനെ ആരാധിക്കുകയും, അവന്റെ നാമത്തെ നമ്മുടെ ജീവിതത്തിന്റെ, അഭിമാനത്തിന്റെ ഭാഗമാക്കിതീർക്കുകയും ചെയ്യുക. അപ്പോഴാണ് നാം ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുറസൂലുല്ലാഹ് സത്യത്തിൽ പറയുന്നവരായിത്തീരുക. അല്ലാഹു നമുക്കതിന് തൗഫീഖ് നൽകുമാറാകട്ടെ.

രണ്ടുസഹോദരങ്ങളുടെ മരണവാർത്ത ലഭിച്ചിരിക്കുന്നു. ഒന്ന് നമ്മുടെ മുബല്ലിഗാണ്. ബുർക്കിനോ ഫാസയിലെ മുബല്ലിഗായിരുന്നു അദ്ദേഹം തികച്ചും യുവത്വത്തിൽ ചെറിയരോഗം പിടിപെട്ട് മിനിയാന്ന് വഫാത്തായി. ഇവിടെ നമ്മുടെ മുബാറക് സിദ്ദീഖി സാഹിബിന്റെ ചെറിയ അനുജനാണ് അദ്ദേഹം. അല്ലാഹുതആല അദ്ദേഹത്തിന്റെ ദർജ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തിന്റെ ചാദുറിൽ പൊതിയുമാറാകട്ടെ. ഒരുപാട് സവിശേഷഗുണങ്ങളുടെ ഉടമസ്ഥനായിരുന്നു അദ്ദേഹം. അനുസരണത്തിന്റെ വികാരാവേശം അദ്ദേഹത്തിനുണ്ടായിരുന്നു. ബുർക്കിനോ ഫാസോയിലെ മുബല്ലിഗുമാരിൽനിന്ന് ദുഃഖം രേഖപ്പെടുത്തികൊണ്ടുള്ള ഒരു കത്ത് വന്നിട്ടുണ്ട്. അതിൽ അവർ എഴുതിയിരിക്കുന്നതെല്ലാം സത്യമാണ്. ഒരു അതിശയോക്തിയും അതിലില്ല. കഠിനാധ്വാനിയായിരുന്നു. വളരെ അഭിമാനിയായിരുന്നു. അല്ലാഹുവിന്റെ നാമത്തിലും അഭിമാനിയായിരുന്നു. മനുഷ്യകുലത്തിന് സേവനം ചെയ്യുന്നയാളായിരുന്നു. നിസ്വാർത്ഥനും എപ്പോഴും മന്ദഹസിക്കുന്ന പ്രകൃതവുമായിരുന്നു. അവരെഴുതുന്നു. ജൽസയോ ഇജ്തിമയോ ഉണ്ടാകുമ്പോൾ ശക്കീൽസാഹിബ് അതിൽതന്നെ ലയിക്കുമായിരുന്നു. കുളിയും നനയും ഭക്ഷണവുമെല്ലാം അദ്ദേഹം മറക്കുമായിരുന്നു. ഞാൻ പര്യടനത്തിനായിപോയപ്പോൾ കണ്ടതാണ് സ്ഥിരം സേവനതൽപരനായിരുന്നു അദ്ദേഹം ആ സമയത്ത് അദ്ദേഹത്തിന്റെ ഭാര്യക്കും സുഖമില്ലാതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നിട്ടും തന്നിലർപ്പിതമായ ജോലി ആശുപത്രിയിൽ വന്നും പോയും ഭംഗിയായി നിറവേറ്റി. താൻ നിർബന്ധിതാനാണെന്നുകരുതി മറ്റുള്ളവരെ ആ ജോലി ഏൽപ്പിക്കാൻ മുതിർന്നില്ല. അർപ്പിതമായ ജോലി സന്തോഷത്തോടെ ചെയ്തുകൊണ്ടിരുന്നു. അമീർസാഹിബ് അതെഴുതിയിരിക്കുന്നു. തീർച്ചയായും അത് ശരിയായിരിക്കും ജനങ്ങൾ പറയുന്നു. അദ്ദേഹം എപ്പോഴും ചിരിക്കുന്ന ആളായിരുന്നു വെന്ന്. എന്നാൽ അദ്ദേഹം കരയുന്നതും ഞാൻ കണ്ടിട്ടുണ്ട്. ബയ്അത്തിന്റെ ടാർഗറ്റ് പൂർത്തിയാക്കണമായിരുന്നു ബയ്അത്ത് നടന്നില്ല. ഖലീഫത്തുൽ മസീഹിനു റിപ്പോർട്ടയക്കുകയും വേണം. ഈ നേരത്ത് എങ്ങനെ റിപ്പോർട്ട് സമർപ്പിക്കുമെന്നോത്ത് അദ്ദേഹം കരയാറുണ്ടായിരുന്നു. അദ്ദേഹം തന്റെ കടമ നിറവേറ്റി. അമാനത്തുകളും പ്രതിജ്ഞകളും നിറവേറ്റുന്നവരെന്ന് അല്ലാഹു പറഞ്ഞവരിൽ പെട്ടയാളാണ് അദ്ദേഹം ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനരംഗത്തുള്ള അദ്ദേഹത്തിന്റെ മരണം ശഹീദിന്റെ മരണമാണ്. അവർ ഒരിക്കലും മരിക്കാറില്ല. മരിക്കുന്നതിന് അല്പം മണിക്കൂറുകൾ മുമ്പേ എല്ലാമുബല്ലിഗുമാരുമുണ്ടായിരുന്നു. അപ്പോഴും തബ്ലീഗിന്റെ പുതിയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ അഭിപ്രായം പറഞ്ഞുകൊണ്ടിരുന്നു. അല്ലാഹു തആല അദ്ദേഹത്തെ മഗ്ഫിറത്തിന്റെ ചാദുറിൽ പൊതിയുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ സമീപത്ത് അദ്ദേഹത്തിനിട നൽകുമാറാകട്ടെ. ഒരു മകളുണ്ട്. പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭാര്യ ചെറുപ്പമാണ്. മാതാപിതാക്കളുണ്ട്. അല്ലാഹു ഇവർക്കെല്ലാം ക്ഷമിക്കുവാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇപ്രകാരം തന്നെ ഖിലാഫത്ത് ഇവിടെ വന്നതുമുതൽ പീർസാഹിബ്, മുഹമ്മദ് ആലം സാഹിബിന്റെ പേര് എല്ലാവർക്കുമറിയുന്നതാണ്. അദ്ദേഹവും ഇന്നലെ വഫാത്തായി ഇന്നാലില്ലാഹ്. 1919ലാണ് അദ്ദേഹം ജനിച്ചത്. റിട്ടയറായതിനുശേഷം 1979ൽ തന്റെ ജീവിതം ജമാഅത്തിനായി സമർപ്പിച്ചു. ആദ്യം പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലായിരുന്നു. പിന്നീട് ഇവിടെ വന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ലവണ്ണം സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഇവിടെ അടുത്താണ് അദ്ദേഹം താമസിച്ചിരുന്നത്. ഏറ്റവുമാദ്യം ഓഫീസിൽവരുന്നവരിൽപെട്ടയാളാണ്. അദ്ദേഹം ദൂരത്തായിരുന്നെങ്കിലും തീർച്ചയായും ഏറ്റവുമാദ്യം ഓഫീസിൽ വരുന്നവരിൽ പ്പെടുമായിരുന്നു. കഠിനപ്രയത്നം ചെയ്തുകൊണ്ടിരുന്നു. ആരോഗ്യം അനുവദിക്കുന്നതുപോലെ കൂടുതൽസമയം സേവനം ചെയ്തുകൊണ്ടിരുന്നു. അല്പദിവസം മുമ്പുവരെ അദ്ദേഹം ഓഫീസിലെ ജോലികൾ നല്ലവണ്ണം നോക്കിനടത്തി. ഇംഗ്ലീഷ്സെക്ഷനിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. അല്ലാഹുതആല അദ്ദേഹത്തിന്റെ ദർജഉയർത്തുമാറാകട്ടെ. മഗ്ഫിറത്തുനൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യക്കും കുട്ടികൾക്കും സബ്ർ ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on**
**04 - 02 - 2005**
**at**
**Baithul Futuh, London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**